5. ആർ.എം.എസ്.എ. സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിൽ

6. ഐ.ടി.@സ്കൂളുകളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അദ്ധ്യാപകർക്ക് പകരം.

7. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേയ്ക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പകരം (ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/ അനധ്യാപകരായ ജനപ്രതിനിധികളുടെ ദീർഘകാലാവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അദ്ധ്യാപക/അനധ്യാപകരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും.

9. ഇൻ സർവ്വീസ് കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് പകരം (മൂന്നു മാസത്തിൽ കൂടുതലുള്ള ഒഴിവിൽ)

10. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ.

11. പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിലെ ഒരു ഒഴിവിൽ.

12. അനദ്ധ്യാപക സംരക്ഷണ ജീവനക്കാരെ എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകളിൽ.

(സി) തസ്തിക നഷ്ടപ്പെട്ട എല്ലാ അദ്ധ്യാപകരെയും താൽക്കാലികമായിട്ടെങ്കിലും പുനർവിന്യസിച്ചിട്ടുണ്ട്.

(ഡി) നഷ്ടമായിട്ടില്ല.

**പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ**

88(5962) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിൽ എത്ര അദ്ധ്യാപക തസ്തിക 2018-19 വർഷം അംഗീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിച്ച അദ്ധ്യാപക തസ്തികയ്ക്ക് പുറമേ എത്ര അദ്ധ്യാപകർ ജോലിനോക്കുന്നുണ്ട്;

(സി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ പുനർവിന്യാസത്തിന്റെ ഭാഗമായി തസ്തിക ഇല്ലാത്ത സ്കൂളുകളിൽ നിന്നു മാറ്റിനിയമിച്ച എത്ര അദ്ധ്യാപകർ പുതിയ സ്കൂളുകളിൽ റിപ്പോർട്ട് ചെയ്തു; എത്ര പേർ ജോലിയിൽ പ്രവേശിച്ചില്ല; വ്യക്തമാക്കുമോ; ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

89(5963) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അവസാന ഘട്ടത്തിൽ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാർ ചെയ്യുന്നതിന് ചുമതല നൽകിയിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് നാളുകളായിട്ടും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടെയും 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭേദഗതി വരുത്തിയ ഭരണാനുമതി ഉത്തരവ് നൽകിയത് 2019 ജൂൺ മാസ രണ്ടാം വാരത്തിലാണ്. ആയതിന്റെ തുടർപ്രവർത്തനങ്ങൾക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ SPV (Special Purpose Vehicle) ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയത്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly